www.malankaralibrary.com

# റിപ്പബ്ലിക്ക് ദിന ചിന്തകൾ

ഡോ. കെ.എം. ഫ്രാൻസിസ്

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനാധിപത്യ പ്രക്രിയ അഭംഗുരം മുന്നോട്ടു പോകുകയാണ്. ജനാധിപത്യ പ്രക്രിയയിൽ രാജ്യത്തിന്റെ ജനങ്ങളുടെ ഐക്യം നിലനിർത്തുന്നത് ഭരണഘടനയാണ്. ഭരണഘടനയെ ഞങ്ങൾ അനുസരിച്ചുകൊള്ളാമെന്ന് ഇന്ത്യൻ ജനത തീരുമാനിച്ച് പ്രഖ്യാപിച്ച ദിവസമാണ് റിപ്പബ്ലിക്ക് ദിനം. റിപ്പബ്ലിക്ക് ദിനത്തിൽ രാഷ്ട്രീയ ഘടനയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും. ഭരണഘടന അനുശാസിക്കുന്ന ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതാണ് അഴിമതി. ഭരണഘടന പൗരനു നൽകുന്ന അവകാശങ്ങളെ ഭരിക്കുന്നവർ തന്നെ ധ്വംസിക്കുന്നതിന്റെ അടയാളങ്ങൾ സമകാലീന ഇന്ത്യൻ ജീവിതത്തിൽ കാണുന്നു. സ്വജനപക്ഷപാതം, കൈക്കൂലി, തീവ്രവാദം മുതലായവയിലൂടെ ഭരണഘടനയുടെ അന്തഃസത്ത നഷ്ടപ്പെടുന്നു. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ മുങ്ങുന്ന കപ്പലിൽ നിന്ന് കടലിലേക്ക് ചാടി സാഹസികരായവർ രക്ഷപ്പെടുന്നതുപ്പോലെ വ്യവസായികളും വിദ്യാസമ്പന്നരായ ചെറുപ്പക്കാരും എന്തിനേറെ വിദ്യാർത്ഥികൾപ്പോലും അന്യസംസ്ഥാനങ്ങളിലേക്കും, വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്നു.

## രാഷ്ട്രീയം : ചിന്തയും പ്രയോഗവും

ഏതൊരു മേഖലയിലും സിദ്ധാന്തമില്ലാത്ത പ്രയോഗം ഫലരഹിതമാണ്, പ്രയോഗമില്ലാത്ത സിദ്ധാന്തം വെറും വാചക കസർത്താണ്. പല രാജ്യങ്ങളിലും ജനാധിപത്യ സംവിധാനം നോക്കുകുത്തിയായി മാറുന്നത് രാഷ്ട്രീയ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അസന്തുലിതാവസ്ഥയാണ്. ബി.സി. നാലാം നൂറ്റാണ്ടിൽ രചിച്ച റിപ്പബ്ലിക്ക് (Republic, Re= രാജാവ് Public= ജനം) എന്ന ഗ്രന്ഥത്തിൽ പ്ലാറ്റോ ഇപ്രകാരം ചോദിക്കുന്നു. ഒരു ചെരുപ്പുകുത്തിയാകാനും, കപ്പലോടിക്കാനും അറിവും പരിശീലനവും ആവശ്യമാണ്. എന്നാൽ ഒരു ഭരണാധികാരിയാകാൻ ജ്ഞാനം ആവശ്യമില്ലെ? അറിവും പരിശീലനവും ആവശ്യമില്ലെ? ജനങ്ങൾക്ക് രാഷ്ട്രീയത്തെക്കുറിച്ചുള്ള അറിവും പരിശീലനവും നഷ്ടപ്പെടുമ്പോൾ രാജ്യം തെറ്റായ ദിശയിലേക്ക് നയിക്കപ്പെടുന്നു.

രാഷ്ട്രീയ രംഗത്ത് ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിന്റെ നിഷ്ക്രിയത്വം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. കഴിഞ്ഞ 125 വർഷമായി കത്താലിക്കാ സഭയിലെ മാർപ്പാപ്പമാർ രാഷ്ട്രീയ പ്രവർത്തനം പരസ്നേഹപ്രവർത്തനത്തിന്റെ ഉന്നതരൂപമാണെന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടും കത്തോലിക്കർ അത് മുഖവിലയ്ക്കെടുത്തിട്ടില്ല. സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയെ നിർമ്മിക്കുന്നവർക്ക് ദൈവം നൽകുന്ന സമ്മാനമാണ് സ്വർഗ്ഗരാജ്യം. മോശയ്ക്ക് ദൈവം നൽകിയ 10 പ്രമാണങ്ങളും, തിരുസഭയുടെ 5 പ്രമാണങ്ങളും പാലിച്ചാലും ഒരുവൻ അപൂർണ്ണനാണ്. നിത്യജീവൻ പ്രാപിക്കണമെങ്കിൽ സ്നേഹത്തിന്റെ സ്ഥാപന രൂപമായ (Institutional form) രാഷ്ട്രീയത്തിൽ പങ്കാളിയാകുക എന്നത് ഓരോ ക്രൈസ്തവന്റെയും അടിസ്ഥാന ഘടകമായി സഭാ പ്രബോധനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അത് അനുദിനമുള്ള പ്രാർത്ഥനയുടെയും (Lex Orandi) സഭാ വിശ്വാസപ്രഖ്യാപനത്തിന്റേയും നിയമത്തിന്റേയും (Lex Credendi) അനുദിനമുള്ള പ്രവർത്തി

www.malankaralibrary.com

യുടേയും (Lex Vivendi) ഭാഗമായി മാറ്റേണ്ടത് മുഴുവൻ ക്രൈസ്തവരുടെയും ഉത്തരവാദിത്വമാണ്.

## ജനാധിപത്യമെന്നാൽ എന്ത്?

ജനാധിപത്യ പ്രക്രിയയെന്നാൽ ജനങ്ങളുടെ ഭൂരിപക്ഷ അഭിപ്രായം നടപ്പിലാക്കുക എന്നതാണ് എന്ന തെറ്റായ ചിന്ത പല സമൂഹങ്ങളിലും നിലനിൽക്കുന്നുണ്ട്. ഈ പ്രസ്താവനയ്ക്ക് ആധുനിക ജനാധിപത്യ പ്രക്രിയയുമായി ഭാഗികമായ ബന്ധം മാത്രമേയുള്ളു. ഭൂരിപക്ഷാഭിപ്രായം നടപ്പിലാക്കുക എന്ന ഏകമാനദണ്ഡത്തെ ജനക്കൂട്ടാധിപത്യം (Mobocracy) എന്നാണ് ചിന്തകർ വിശേഷിപ്പിക്കുന്നത്. ജനക്കൂട്ടത്തിന്റെ ഭൂരിപക്ഷം ഒരു ശരിയായ ആശയത്തെ സ്വീകരിച്ചാൽ മാത്രമെ ആശയം നടപ്പിലാക്കുവാൻ ഭരണാധികാരികൾക്ക് കഴിയുക. ഉദാഹരണമായി ഇന്ത്യ ഒരു സെക്കലർ രാജ്യമാണെന്നത് ഭരണഘടനയിൽ എഴുതിയ വാചകമാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ഹൃദയത്തെ ഈ ആശയം കീഴടക്കിയാൽ മാത്രമാണ് സെക്കുലറിസം എന്ന ആശയം പ്രയോഗത്തിൽ വരുത്താൻ ഭരണകൂടത്തിന് കഴിയുക. ഇതിനായി നിരന്തര ബോധവൽക്കരണം ആവശ്യമാണ്.

**ആധുനിക ജനാധിപത്യത്തിന് താഴെപ്പറയുന്ന ഘടകങ്ങളുണ്ട്.**

1) പ്രധാനമന്ത്രി മുതൽ ഒരു ഭിക്ഷക്കാരൻ വരെയുള്ളവരിൽ ആരും തന്നെ നിയമ വ്യവസ്ഥയുടെ മുകളിൽ ഇല്ല. ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും നിയമ വ്യവസ്ഥയുടെ താഴെയാണ്. ഭരിക്കുന്നവരെ പിൻതാങ്ങുന്നവർക്ക് ഒരു നിയമവും എതിർക്കുന്നവർക്കും, അധികാരത്തിൽ സ്വാധീനമില്ലാത്തവർക്കും മറ്റൊരു നിയമവും എന്ന അവസ്ഥയിൽ ജനാധിപത്യം ഇല്ല.
2) രാഷ്ട്രീയാധികാരത്തിന്റെ വിഭജനം

   അധികാരം ദുഷിക്കുന്നു, സമ്പൂർണ്ണ അധികാരം സമ്പൂർണ്ണമായി ദുഷിക്കുന്നു. (power corrupts, absolute power corrupts absolutely). മനുഷ്യനിൽ സ്വഭാവ്യേന നന്മയും തിന്മയുമുണ്ട്. ഒരു മനുഷ്യനിൽ തന്നെ രാമനും രാവണനുമുണ്ട്. സമ്പൂർണ്ണ അധികാരം ഒരുവന് നൽകപ്പെട്ടാൽ അവനിലെ രാവണൻ വളർന്നുവരും. അക്കാരണം കൊണ്ട് സ്വേഛാധിപത്യ രാഷ്ട്രീയ സംവിധാനം തന്നിൽതന്നെ (in itself) തിന്മയാണ്.
   ഇത് തിരിച്ചറിഞ്ഞ ആധുനിക ജനാധിപത്യ ചിന്തകർ അധികാരത്തെ വിഭജിച്ച് ഭരണം നടത്താനുള്ള സംവിധാനം നിർമ്മിച്ചിരിക്കുന്നു. നിയമ നിർമ്മാണ സഭ (legistative) നിയമം നടപ്പിലാക്കുന്നവർ (executive) നിയമം വ്യാഖ്യാനിക്കുന്നവർ (Judiciary) എന്നിവ മൂന്നും തുല്യ അധികാര സ്ഥാപനങ്ങളാണ്. രാജ്യത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി, നിയമം നടപ്പിലാക്കുന്നവർ പ്രവർത്തിച്ചാൽ, അതിന് തടസ്സം നിൽക്കേണ്ടവരാണ് നിയമസഭയും മന്ത്രിസഭയും. രാജ്യത്തിന്റെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതാണ് അഴിമതി. എന്നാൽ അഴിമതിയെ ന്യായീകരിക്കാൻ നിയമത്തെ ദുരുപയോഗിക്കുന്ന അനേകം സംഭവങ്ങൾ ഇന്ത്യയിൽ കാണുന്നു.
   ഉദാഹരണമായി ആരാധനാലയങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും 200 മീറ്റർ ദൂരെയായിരിക്കണം ബീവറേജസ് സ്ഥാപനങ്ങൾ എന്നതായിരുന്നു കേരളത്തിലെ

www.malankaralibrary.com

അബ്ക്കാരി നിയമം. എന്നാൽ ചില സ്ഥലങ്ങളിൽ 195 മീറ്ററിലും, 198 മീറ്ററിനും ബാർ ലൈസൻസ് നൽകി. ഇതിനെ പ്രതിപക്ഷത്തായിരുന്ന കേരളത്തിലെ പാർട്ടികൾ അഴിമതിയാണെന്ന് വ്യാഖ്യാനിച്ചു, അതനുസരിച്ച് കോടതി വിധിച്ചു. എന്നാൽ പ്രതിപക്ഷത്തുണ്ടായിരുന്ന പാർട്ടി അധികാരത്തിൽ വന്നപ്പോൾ അഴിമതി ഇല്ലാതാക്കാനെന്ന വ്യാജേന 200 മീറ്റർ ദൂരപരിധി 150 മീറ്ററാക്കി കുറച്ചു. ഇത്തരത്തിൽ നിയമത്തെ തന്നെ ദുരുപയോഗിച്ച് അഴിമതിയെ വിശുദ്ധമാക്കുന്ന പ്രക്രിയ ഇന്ത്യയിൽ വ്യാപകമാണ്. ഇത് പുരോഗമിച്ച ആധുനിക ജനാധിപത്യ രാഷ്ട്രങ്ങളിൽ കാണുന്നില്ല. ഇത്തരത്തിൽ നിയമസഭകൾ നിയമമുണ്ടാക്കുന്നതിനെ ചോദ്യം ചെയ്യേണ്ടവരാണ് നിയമ വ്യാഖ്യാനസമൂഹം.

നിയമവ്യാഖ്യാതാക്കളായ ജഡ്ജിമാരെ മന്ത്രിമാർ നിയമിക്കുമ്പോൾ (Legislations) മന്ത്രിമാർക്കെതിരെ നിയമം വ്യാഖ്യാനിക്കാൻ നിയമ വ്യാഖ്യാതാക്കൾ മടിക്കുന്നു. അതുകൊണ്ട് ജഡ്ജിമാരുടെ കൊളീജിയം ജഡ്ജിമാരെയും ചീഫ് ജസ്റ്റിസിനെയും നിയമിക്കുന്ന ജനാധിപത്യസമ്പ്രദായം നിലനിർത്തണം. എന്നാൽ ഇക്കാര്യമൊന്നും അറിയാതെ തിരഞ്ഞെടുപ്പും ഭൂരിപക്ഷവും മാത്രമാണ് ജനാധിപത്യമെന്ന മൂഢധാരണയുള്ളവരുടെ എണ്ണം ഭൂരിപക്ഷമാകുമ്പോൾ തിരഞ്ഞെടുക്കപ്പെടുന്നവർ തങ്ങൾക്കിഷ്ടമുള്ളവരെ മാത്രം ജഡ്ജിമാരാക്കുന്നു. അങ്ങിനെ അധികാരം ചിലരിൽ കേന്ദ്രീകരിച്ച് അഴിമതി സാമാന്യവൽക്കരിക്കപ്പെടുന്നു.

3. മാധ്യമ സ്വാതന്ത്ര്യം

ജനാധിപത്യത്തിന്റെ കാവൽക്കാരാണ് മാധ്യമങ്ങൾ. ഏകാധിപത്യ രാജ്യങ്ങളിൽ മാധ്യമ സ്വാതന്ത്ര്യം ഇല്ല. ജനാധിപത്യത്തിലെ അധികാര കേന്ദ്രങ്ങൾ നിയമവും ചട്ടങ്ങളും ലംഘിക്കുമ്പോൾ അവയെ ജനങ്ങളെ അറിയിക്കുന്നവരാണ് മാധ്യമപ്രവർത്തകർ. ഇന്ന് മാധ്യമങ്ങൾ ചില പാർട്ടികളുടെ വാഴ്ത്തുപാട്ടുകാരായി മാറിയിരിക്കുന്നു. ഇത് ജനാധിപത്യത്തിന് വിരുദ്ധമാണ്.

4. നിയമാധിഷ്ഠിത സ്വാതന്ത്ര്യം

ജനാധിപത്യ വ്യവസ്ഥ ഓരോ പൗരനും ചില അതിർത്തികൾ നിർണ്ണയിച്ചിട്ടുണ്ട്. ഈ അതിർത്തിയിൽ നിയമം അനുവദിച്ച കാര്യങ്ങൾ പ്രവർത്തിക്കുന്നതിനെ തടയാൻ മറ്റാർക്കും അവകാശമില്ല. സ്വാതന്ത്ര്യം എവിടെയുണ്ടോ അവിടെ സാമ്പത്തിക വികസനവും, പൊതു ജന ക്ഷേമവും വളരുന്നു. ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഈ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ഒരു വിദ്യാർത്ഥി സംഘടനയിലെ 50 വിദ്യാർത്ഥികൾ തീരുമാനിച്ചാൽ ഒരു സ്കൂളിന്റെയോ കലാലയത്തിന്റെയോ പ്രവർത്തന സ്വാതന്ത്ര്യം തടയാം. ഇത്തരം കലാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും കുടിയേറുന്നതിൽ എന്താണ് അത്ഭുതം.

ഒരു കൃഷിയിടത്തിലോ, വ്യാപാര സ്ഥാപനത്തിലോ സംരംഭകന് ഇന്ത്യൻ നിയമം ചില സ്വാതന്ത്ര്യങ്ങൾ നൽകുന്നു. നിയമം അനുവദിക്കുന്ന സംരംഭകന്റെ സ്വാതന്ത്ര്യത്തെ തടയാൻ തൊഴിലാളി സംഘടനകൾക്ക് കഴിയും. എങ്കിൽ എങ്ങിനെയാണ് കൃഷിയും വ്യവസായവും വളരുക.

സർക്കാർ ഉദ്യോഗസ്ഥന്മാർക്കും, തൊഴിലാളി സംഘടനാ നേതാക്കൾക്കും, രാഷ്ട്രീയ പാർട്ടി നേതൃത്വത്തിനും കൈക്കൂലി കൊടുത്താൽ മാത്രമെ ഇന്ന് കേരളത്തിലും ഇന്ത്യയിലെ പല സ്ഥലങ്ങളിലും സ്ഥാപനം സംഘടിപ്പിക്കാൻ കഴിയുക. ഇത്തരത്തിൽ പൗരന്റെ നിയമാധിഷ്ഠിത സ്വാതന്ത്ര്യം തടയുന്നവരെ പിൻതുണയ്ക്കുന്ന ഭരണസംവിധാ

www.malankaralibrary.com

നമാണ് ഫാസിസം. മറ്റൊരു വിധത്തിൽ കേരളത്തിൽ പലയിടങ്ങളിലും നിലനിൽക്കുന്നത് ജനാധിപത്യത്തിന്റെ മുഖം മൂടിയണിഞ്ഞ ഫാസിസമാണ്.
കൈക്കൂലി നൽകി വ്യവസായം നടത്തുന്ന ഒരുവൻ ആ പണം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു. അവർ വില വർദ്ധിപ്പിച്ചും, ഗുണമേന്മകുറച്ചും കൈക്കൂലി നൽകിയതിനേക്കാൾ പണം ഈടാക്കുന്നു. അവൻ നികുതി മോഷ്ടിക്കുകയോ ഊർജ്ജം (Electricity) മോഷ്ടിക്കുകയോ ചെയ്യുന്നു. ഇത്തരം മോഷ്ടക്കളായ വ്യവസായികളുമായി മത്സരിക്കാൻ കഴിയാതെ സത്യസന്ധരായ കർഷകരും, വ്യവസായികളും നിഷ്ക്രിയരായിത്തീരുകയും സാമ്പത്തികരംഗം തകരുകയും പൊതുഖജനാവ് കാലിയാകുകയും ചെയ്യുന്നു. കൈക്കൂലി കൊടുക്കാത്തവർ ആയിരം രേഖകൾ ഹാജരാക്കാൻ ഉദ്യോഗസ്ഥരും മന്ത്രിമാരും ആവശ്യപ്പെടുന്നു. എന്നാൽ കൈക്കൂലി കൊടുക്കുന്നവർ രേഖകൾ ഒന്നും നൽകാതെ സംരംഭങ്ങൾ ആരംഭിച്ച് പൊതുസമ്പത്ത് കൊള്ളയടിക്കുന്നു. ഇത് ഇന്ത്യയിൽ ഏറ്റവുമധികം സംഭവിക്കുന്നത് കേരളത്തിലാണെന്നത് ദുഃഖകരമാണ്. ചീത്ത സംരംഭകർ നല്ല സംരംഭകരെ ആട്ടിയോടിക്കുന്നു. ചീത്ത രാഷ്ട്രീയക്കാർ നല്ല രാഷ്ട്രീയ പ്രവർത്തകരെ ആട്ടിയോടിക്കുന്നു. (Bad money drives out good money out of circulation).
5. ഏകാധിപത്യ ഭരണത്തിൽ ഭരണാധികാരി ദൈവത്തെപ്പോലെയാണ്. ജനാധിപത്യത്തിൽ ഭരണാധികാരി സേവകനാണ്. എന്നാൽ ഇന്ത്യയിൽ പലസ്ഥലത്തും ഭരണാധികാരികൾ ദൈവത്തെപ്പോലെ പ്രവർത്തിക്കുന്നു. ഭരണാധികാരികൾക്കും അവരുടെ കുടുംബക്കാർക്കും ധനസമ്പാദനത്തിനുള്ള മാർഗ്ഗമായി അധികാരം ദുരുപയോഗിക്കുമ്പോൾ ജനാധിപത്യം തകരുന്നു.
6. ജനാധിപത്യത്തിന്റെ അടിത്തറ ഭരണഘടനയാണ്. ഭരണഘടനയിൽ രണ്ട് ഭാഗമുണ്ട്. ഭരണഘടനയുടെ മർമ്മപ്രധാനമായ ഭാഗം മൗലിക അവകാശങ്ങളാണ്. ഈ അവകാശങ്ങൾ ദൈവദത്തമാണ്. ഈ അവകാശങ്ങൾ ഇല്ലാതാകുമ്പോൾ വ്യക്തി സ്വാതന്ത്ര്യം അസ്തമിക്കുന്നു. മൗലിക അവകാശങ്ങൾ കണ്ണിലെ കൃഷ്ണമണിപ്പോലെ കാത്തുസൂക്ഷിക്കാൻ റിപ്പബ്ലിക്ക് ദിനത്തിൽ പ്രതിജ്ഞ ചെയ്യാം.